ഓണത്തോടനുബന്ധിച്ച് ലഹരി മരുന്നുകൾക്കും, വ്യാജ മദ്യത്തിനുമെതിരെ പരിശോധനകൾ കർശനമാക്കി എറണാകുളം റൂറൽ ജില്ലാ പോലീസ്. ഇതുമായി ബന്ധപ്പെട്ട് ജില്ലാ പോലീസ് മേധാവി വിവേക് കുമാറിന്റെ നിർദ്ദേശാനുസരണം വ്യാപകമായ പരിശോധനകളും, സ്പെഷ്യൽ ഡ്രൈവുകളുമാണ് ജില്ലയിലുടനീളം നടക്കുന്നത്. പരിശോധനയുടെ ഭാഗമായി ആലുവ റെയിൽവേ സ്റ്റേഷൻ, ബസ്സ് സ്റ്റാൻഡ് പരിസരങ്ങളിൽ ലഹരി മരുന്നുകൾ പിടികൂടുന്നതിൽ പ്രത്യേക പരിശീലനം ലഭിച്ച ഡോഗ് സ്ക്വാഡിന്റെ സേവനവും പ്രയോജനപ്പെടുത്തി.